## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3735 — 14.03.2017 — ൽ മറുപടിക്ക്

### ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.<br><br>കരട് മുൻഗണനാ പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും ടി പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10.02.2017-ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയത് ലഭ്യമായിട്ടുണ്ട്. വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പിലാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ച് വരികയാണ്.<br><br>സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിലേയ്ക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, |

ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേ തന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പരുകൾ (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. വിതരണം സംബന്ധിച്ച് 2017 മെയ് ഒന്നു മുതലും, എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ 2017 അവസാനത്തോടെയും പൂർണ്ണമായും ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) 2013 -14, 2014 -15, 2015 -16 വർഷങ്ങളിൽ കേന്ദ്രം കേരളത്തിന് നൽകിയിരുന്ന അരിയുടെ അളവെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2013 -14, 2014 -15, 2015 -16 വർഷങ്ങളിൽ കേന്ദ്രം കേരളത്തിന് അനുവദിച്ച അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അരി | | |
|---|---|---|---|
| | നോർമൽ | അഡ്ഹോക്ക് | ആകെ |
| 2013-14 | 1001724 | 270476 | 1272200 |
| 2014-15 | 1001724 | 344939 | 1346663 |
| 2015-16 | 1001724 | 270480 | 1272204 |

(സി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ഈ സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച അരി എത്ര മെട്രിക് ടൺ എന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2016 നവംബർ മുതൽ 2017 മാർച്ച് വരെ 504415.256 മെ.ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കുകയുണ്ടായി.

(ഡി) അരി വിഹിതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(ഡി) സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. **OMSS** / ഇക്കണോമിക് നിരക്കുകളിൽ ഭക്ഷ്യ ധാന്യം ലഭ്യമാക്കി വിഹിതക്കുറവു കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ